# ക്വട്ടേഷൻ നോട്ടീസ്

സ. ഉ (സാധാ). നമ്പർ 208/2023/ഐ.ഡി തീയ്യതി 16.03.2023 സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മൈനിംഗ് & ജിയോളജി വകുപ്പിന്റെ കൊല്ലം ജില്ലാ ആഫീസിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഒരു വർഷത്തേക്ക് ഒരു വാഹനം വാടകയ്ക്കെടുക്കുന്നതിലേയ്ക്ക് മുദ്രവെച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

| | | |
|---|---|---|
| ക്വട്ടേഷൻ സമർപ്പിക്കേണ്ടതും റിപ്പോർട്ട് ചെയ്യേണ്ടതുമായ ഓഫീസിന്റെ പേര് | : | മൈനിംഗ് & ജിയോളജി വകുപ്പ് കൊല്ലം ജില്ലാ ഓഫീസ് |
| വാഹനം | : | ജീപ്പ്/കാർ (Mahindra Bolero, Maruti Suzuki Swift Dzire, Honda Amaze, Tata Indigo or equalant) |
| ആവശ്യമുള്ള വാഹനങ്ങളുടെ എണ്ണം | : | 1 എണ്ണം |
| ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും | : | 27.03.2023, 03.00 മണി |
| ക്വട്ടേഷൻ ഓപ്പൺ ചെയ്യുന്ന തീയതിയും സമയവും | : | 28.03.2023, 03.30 മണി |

15.09.2018 ലെ 85/2018/ഫിൻ സർക്കുലറിലെ നിബന്ധനകൾ പാലിച്ച് ക്വട്ടേഷനിൽ വാഹനത്തിന്റെ കിലോ മീറ്റർ റേറ്റ് വ്യക്തമായി സൂചിപ്പിച്ചിരിക്കേണ്ടതാണ്. വാഹനം നല്ല കണ്ടീഷനിലുള്ളതായിരിക്കണം. വാഹനത്തോടൊപ്പം ഡ്രൈവർ കൂടി ഉണ്ടായിരിക്കേണ്ടതാണ്. ചില സാഹര്യങ്ങളിൽ വാഹനങ്ങൾ ജില്ലാ ആസ്ഥാനത്തല്ലാതെ ഹാർട്ട് ചെയ്യേണ്ടതായി വരുന്നതാണ്. കൂടാതെ ഫീൽഡു വർക്കുകളുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളാകയാൽ മിനിമം ദൂര ക്ലിപ്തതയോ സമയ ക്ലിപ്തതയോ ഉണ്ടായിരിക്കുന്നതല്ല. അംഗീകരിക്കപ്പെട്ട റേറ്റ്, കോൺട്രക്റ്റ് പീരിയഡിൽ റിവൈസ് ചെയ്യുന്നതല്ല. വാഹനം വൃത്തിയായി സൂക്ഷിക്കുന്ന വിധത്തിലും പെർഫക്ട് റണ്ണിംഗ് കണ്ടീഷനിനുള്ളതുമായിരിക്കേണ്ടതുമായിരിക്കണം. കൂടാതെ വാഹനത്തിന് നിരത്തിലോടുന്നതിനാവശ്യമായ എല്ലാ ലൈസൻസുകളും ഇൻഷുറൻസും ഉണ്ടായിരിക്കേണ്ടതും അതിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതുമാണ്. മാത്രമല്ല വാഹനത്തിൽ ആവശ്യമായ ഇന്ധനം ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. വാഹനത്തിന്റെ ഡ്രൈവർ ടി വാഹനം ഉപയോഗിക്കുന്ന ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കേണ്ടതും യാതൊരുവിധത്തിലുള്ള അപമര്യാദപരമായ പെരുമാറ്റം ഡ്രൈവറുടെ ഭാഗത്തു നിന്ന് ഉണ്ടാകുവാൻ പാടില്ലാത്തതുമാണ്. വാഹനത്തിന്റെയും ഡ്രൈവറുടെയും സേവനം അതൃപ്തികരമായി കാണുന്ന പക്ഷം മറ്റൊരു മുന്നറിയിപ്പില്ലാതെ കോൺട്രാക്ടിൽ നിന്നും ഓഫീസ് പിൻവാങ്ങുന്നതാണ്.

23/3/2023

സീനിയർ ജിയോളജിസ്റ്റ്

Scanned with CamScanner